"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് - കുടുബശ്രീ ത്രിതല സംഘടനാ സംവിധാനം - തെരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.68/2025/LSGD തീയതി,തിരുവനന്തപുരം, 25-11-2025

പരാമർശം:- 1. 06/11/2025-ലെ സ.ഉ.(അച്ചടി) നം.61/2025/തസ്വഭവ

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/11/2025 -ലെ KSHO/2034/2024-M1 നം. കത്ത്.

**ഉത്തരവ്**

കുടുബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സുഗമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിന് പരാമർശം (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം(2) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കുടുബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(എ) ഖണ്ഡിക 3.4 :- "2024-25 വർഷം വരെയുള്ള ഓഡിറ്റിംഗ് പൂർത്തീകരിച്ച് 2025 ഡിസംബർ 31 -നകം അഫിലിയേഷൻ പുതുക്കിയ അയൽക്കൂട്ടങ്ങൾക്ക് മാത്രമേ തെരെഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ." എന്നത് **"2023-24 വർഷം വരെയുള്ള ഓഡിറ്റിംഗ് പൂർത്തീകരിച്ച് 2025 ഡിസംബർ 31 -നകം അഫിലിയേഷൻ പുതുക്കിയ അയൽക്കൂട്ടങ്ങൾക്ക് മാത്രമേ തെരെഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ"** എന്ന് ഭേദഗതി വരുത്തുന്നു.

(ബി) ഖണ്ഡിക 3.8:- "കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ തെരഞ്ഞെടുപ്പിൽ ഏതെങ്കിലും കാരണത്താൽ സി.ഡി.എസ്സ്. തെരഞ്ഞെടുപ്പ് പൂർത്തീകരിക്കാത്ത സി.ഡി.എസ്സുകളുടെ താത്ക്കാലിക ചുമതല 2026 ജനുവരി 11 മുതൽ മെമ്പർ സെക്രട്ടറിമാർക്കായിരിക്കും." എന്നത് **"കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ തെരഞ്ഞെടുപ്പിൽ ഏതെങ്കിലും കാരണത്താൽ സി.ഡി.എസ്സ്. തെരഞ്ഞെടുപ്പ് പൂർത്തീകരിക്കാത്ത സി.ഡി.എസ്സുകളുടെ താത്ക്കാലിക ചുമതല 2026 ഫെബ്രുവരി 21 മുതൽ മെമ്പർ സെക്രട്ടറിമാർക്കായിരിക്കും."** എന്ന് ഭേദഗതി വരുത്തുന്നു.

സി) ഖണ്ഡിക 3.10 :- "അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ട് പദ്ധതിയുടെ ഭാഗമായുള്ള ത്രിതല

സംഘടനാ സംവിധാനത്തിന്റെ തെരഞ്ഞെടുപ്പും പഞ്ചായത്ത് സമിതി, ഊര് സമിതി എന്നിവയെ യഥാക്രമം സി.ഡി.എസ്, എ.ഡി.എസ് ആയി പരിഗണിച്ച് കുടുംബശ്രീ പൊതുതെരഞ്ഞെടുപ്പിന്റെ സമയക്രമവും നിബന്ധനകളും പാലിച്ച് കുടുംബശ്രീ പൊതുതെരഞ്ഞെടുപ്പിനൊപ്പം നടത്തേണ്ടതാണ്"

4.പരാമർശം (1) ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും( എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ, മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി. (File No. IA1/296/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 26-11-2025 13:40:43
സെക്ഷൻ ഓഫീസർ